ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ എസ്. എ. പി. ബറ്റാലിയനിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉമാശങ്കറിന്റെ നിയമനം

37 [3413] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. ശുപാർശപ്രകാരം നിയനമം ലഭിച്ച് സർവ്വീസിൽ പ്രവേശിക്കുന്നവർ ക്രിമിനൽ കേസിൽ പ്രതിയായിട്ടുണ്ടെങ്കിൽ അക്കാര്യം മറച്ചുവയ്ക്കുകയോ തെറ്റായ വിവരം നൽകുകയോ ചെയ്താൽ അത്തരം കുറ്റം ചെയ്യുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷയെ സംബന്ധിച്ച് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇൻഷ്വറൻസ് ഡയറക്ടറേറ്റിൽ 7-12-1999-ന് പ്യൂണായി ജോലിയിൽ പ്രവേശിച്ച ജി. എസ്. ഉമാശങ്കർ എന്നയാളുടെ പേരിൽ നിയമന സമയത്ത് കല്പറ്റ ജുഡീഷ്യൽ 1-ാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ടായിരുന്നു; ഇൻഷ്വറൻസ് വകുപ്പിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരുന്നോ;

(സി) ക്രിമിനൽ കേസുകൾ നിലവിലുള്ളയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇൻഷ്വറൻസ് വകുപ്പിൽ പ്രസ്തുത വ്യക്തിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ടായ കാരണമെന്താണ്;

(ഡി) പ്രസ്തുത വ്യക്തിയെ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി ടൗൺ പ്ലാനിംഗ് വകുപ്പിലേക്ക് മാറ്റിയത് എപ്പോഴാണ്;

(ഇ) ടൗൺ പ്ലാനിംഗ് വകുപ്പിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട ഉദ്യോഗസ്ഥൻ ആരാണ്; അതിനായി അദ്ദേഹം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(എഫ്) പട്ടികജാതി പട്ടികവർഗ്ഗ പീഡനം ഉൾപ്പെടെയുള്ള ക്രിമിനൽ കേസുകൾ നിലവിലുണ്ടായിട്ടും സർവ്വീസിൽ പ്രവേശിപ്പിച്ച പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഈ വ്യക്തിയെ ഇതുവരെ സർവ്വീസിൽ തുടരാൻ അനുവദിച്ച ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പ്രൊബേഷൻ കാലയളവിൽ പോലും ക്രിമിനൽ കേസിൽ പ്രതിയാകുകയും സഹജീവനക്കാരെയും മേലുദ്യോഗസ്ഥരെയും കയ്യേറ്റം ചെയ്യുകയും അസഭ്യം പറയുകയും അവാസ്തവമായ പോസ്റ്റർ പ്രചരണം നടത്തുകയും ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ചീഫ് ടൗൺ പ്ലാനർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടിൻജന്റ് ആന്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ പി. എസ്. സി. ശുപാർശപ്രകാരം നിയമനം ലഭിച്ച് സർവ്വീസിൽ പ്രവേശിക്കുന്നവർ ക്രിമിനൽ കേസിൽ പ്രതിയായിട്ടുണ്ടെങ്കിൽ അക്കാര്യം മറച്ചുവയ്ക്കുകയോ തെറ്റായ വിവരം നൽകുകയോ ചെയ്താൽ ജോലിയിൽ നിന്നും അയോഗ്യരാക്കാവുന്നതാണ്. അതേസമയം കണ്ടിന ജന്റ് ആന്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയാകും. ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.

(ബി) കേസുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ഇൻഷ്വറൻസ് വകുപ്പിൽ ശ്രീ. ഉമാശങ്കറിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്.

(സി) ഉമാശങ്കർ ക്രിമിനൽ കേസുകളിൽ പ്രതിയാണെന്ന വിവരം ഇൻഷ്വറൻസ് വകുപ്പിൽ ലഭിച്ചിട്ടില്ല. ശ്രീ. ഉമാശങ്കർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഹാജരാക്കിയ സ്വഭാവ സർട്ടിഫിക്കറ്റ്, പ്രൊബേഷൻ കാലയളവിലെ അദ്ദേഹത്തിന്റെ സ്വഭാവം, ജോലി എന്നിവയും പരിഗണിച്ചാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്തത്.

(ഡി) 15-1-2001-ൽ ആണ് ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ടൗൺ പ്ലാനിംഗ് വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം മുഖേന നിയമിച്ചത്.

(ഇ) നഗരാസൂത്രണ വകുപ്പിൽ നിയമനം കിട്ടുന്ന എൻ. ജി. ഒ.-മാരുടെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ട ഉദ്യോഗസ്ഥൻ ചീഫ് ടൗൺ പ്ലാനർ ആണ്. ശ്രീ. ഉമാശങ്കറിന്റെ പ്രൊബേഷൻ, വയനാട് ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളതും നാളിതുവരെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതുമാകുന്നു.

(എഫ്) ശ്രീ ഉമാശങ്കറിന്റെ പേരിൽ ക്രിമിനൽ കേസുകൾ നിലവിൽ ഉണ്ട്. കോടതി വിധി വരുന്ന മുറയ്ക്ക് അതനുസരിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

(ജി) കുറ്റക്കാരനാണെന്ന് കോടതി വിധി വരുന്നതുവരെ ഉമാശങ്കറിനെതിരേയോ, സർവ്വീസിൽ തുടരാൻ അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരേയോ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ള ഉമാശങ്കറിന്റെ പ്രൊബേഷൻ കാലാവധി നഗരാസൂത്രണ വകുപ്പ് ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ട്. വയനാട് ജില്ലാ ടൗൺ പ്ലാനറുടെ റിപ്പോർട്ട് അനുസരിച്ച് ശ്രീ. ഉമാശങ്കറിനോട് കുറ്റാരോപണത്തിന് വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

38 [3414] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനത്തിനായുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതിൽ നിന്ന് എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഇതിന്റെ കാലാവധി എന്ന് തീരുമെന്ന് വ്യക്തമാക്കാമോ;

(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഇപ്പോൾ ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഇവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 80 പേർക്ക്.

(സി) 18-7-2005-ൽ

(ഡി) രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 25 ഒഴിവുകളും ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 18 ഒഴിവുകളും നിലവിലുണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly